# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നഗരസഭകളുടെ വികസനത്തിനായി നിക്ഷേപക സംഗമം</u>

4591 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ വികസനത്തിനായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാൻ പദ്ധതി രൂപീകരിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

നഗരസഭകളുടെ വരുമാനം വര്‍ദ്ധിപ്പിക്കാന്‍ പദ്ധതി

4592 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ബെന്നി ബെഹനാന്‍
,, വി. ഡി. സതീശന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന നഗരസഭകളുടെ വരുമാനം വര്‍ദ്ധിപ്പിക്കാന്‍ പദ്ധതി രൂപീകരിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>നഗരസഭകളുടെ സമഗ്ര വികസനത്തിനായി</u>
<u>പി. പി. പി. പദ്ധതി</u>

4593 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സമഗ്ര വികസനം ഉറപ്പാക്കുന്നതിനും പി. പി. പി. പദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാൻ</u>

4594 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും സമഗ്ര വികസനം ലക്ഷ്യംവെച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്; അതിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ബാക്കിയുള്ള സ്ഥാപനങ്ങൾക്കു കൂടി ദീർഘവീക്ഷണത്തോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും വികസനം സാദ്ധ്യമാക്കുന്നതിനും ആവശ്യമായ കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നഗര വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

4595 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വികസന രംഗത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം നഗരസഭകളിലാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഈ പദ്ധതികളിൽ ഏതെല്ലാം പൂർത്തിയായെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നഗരങ്ങളുടെ മാസ്റ്റര്‍ പ്ലാന്‍</u>

4596 ശ്രീ. പി.കെ. ബഷീര്‍
'' അബ്ദുറഹിമാന്‍ രണ്ടത്താണി
'' സി. മൊയിന്‍കുട്ടി
'' റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതൊക്കെ ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്ന നടപടികളാണ് നടന്നുവരുന്നത്;

(ബി) എത്ര വര്‍ഷത്തെ വികസന ലക്ഷ്യം കണക്കിലെടുത്താണ് നഗരങ്ങളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>നഗരവികസന മാസ്റ്റർ പ്ലാൻ</u>

4597 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13-ലെ ബജറ്റ് പ്രസംഗത്തിൽ 135-ാം ഇനമായി പ്രഖ്യാപിച്ച നഗരവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

## സുസ്ഥിര നഗരവികസന പദ്ധതിക്കായി പ്രോജക്റ്റ് റിപ്പോർട്ടുകൾ

4598 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തു തുകയുടെ വികസന പദ്ധതികളാണു നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എ. ഡി. ബി. യുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പദ്ധതിക്കായി പ്രോജക്റ്റ് റിപ്പോർട്ടുകൾ സമർപ്പിച്ച നഗരസഭകൾ ഏതെല്ലാമാണ്; പ്രസ്തുത നഗരസഭകൾ ഓരോന്നും എന്തു തുകയുടെ പ്രൊപ്പോസലുകളാണ് സമർപ്പിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള സമിതിയുടെ ഘടന എന്താണ്;

(ഇ) പ്രസ്തുത സമിതി പ്രോജക്റ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം നഗരസഭകളുടെ പ്രോജക്റ്റ് റിപ്പോർട്ടുകൾക്കാണ് അംഗീകാരം നൽകുവാൻ തീരുമാനമെടുത്തിട്ടുള്ളത്; ഓരോ നഗരസഭയുടെയും എന്തു തുകയുടെ പ്രോജക്റ്റ് റിപ്പോർട്ടിനാണ് അംഗീകാരം നൽകിയത്;

(ജി) പ്രസ്തുത സമിതി അനുമതി നൽകിക്കഴിഞ്ഞ പ്രോജക്റ്റ് റിപ്പോർട്ടുകളുടെ ഭരണാനുമതിയും ഫണ്ട് അലോട്ട്മെന്റും എപ്പോൾ ലഭ്യമാക്കുമെന്നറിയിക്കുമോ; പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസി ഏതാണ്?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സുസ്ഥിര നഗര വികസന പദ്ധതി</u>

4599 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾട്ടന്റായി നിശ്ചയിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണ്;

(ബി) പ്രസ്തുത ഏജൻസിക്കു നിശ്ചയിച്ചിരിക്കുന്ന കൺസൾട്ടൻസി ഫീസ് എത്രയാണ്;

(സി) പ്രസ്തുത ഏജൻസിയെ കൺസൾട്ടന്റായി നിശ്ചയിച്ചത് എപ്പോഴാണ്;

(ഡി) കൺസൾട്ടന്റായി നിശ്ചയിച്ചിരിക്കുന്ന ഏജൻസിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>കെ. എസ്. യു. ഡി. പി. യുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ടെക്നിക്കൽ ഓഫീസർ</u>

4600 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. യു. ഡി. പി.യുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ടെക്നിക്കൽ ആഫീസർ (വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് എന്ന തസ്തികയിൽ നിലവിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ഈ തസ്തികയിൽ ജോലി ചെയ്തു വരുന്ന
ഉദ്യോഗസ്ഥൻ നിയമിതനായിട്ട് അഞ്ചു വർഷത്തിലേറെയായിട്ടുണ്ടെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഡെപ്യൂട്ടേഷനിൽ നിയമിതരായ സർക്കാർ ഉദ്യോഗസ്ഥർ പോലും അഞ്ചു വർഷത്തിനുശേഷം പേരന്റ് ഡിപ്പാർട്ട്മെന്റിലേക്ക് മടങ്ങണമെന്ന് വ്യവസ്ഥ കെ. എസ്. ആർ. –ൽ നിലവിലിരിക്കേ, ഒരു കരാർ ജീവനക്കാരന് എന്തടിസ്ഥാനത്തിലാണ് അഞ്ചു വർഷത്തിലധികമായി കാലാവധി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നത് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ. എസ്. യു. ഡി. പി. –ലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നടത്താത്തതിന്റെ കാരണം അറിയിക്കുമോ;

(ഇ) നിലവിലുള്ള കെ. എസ്. യു. ഡി. പി. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ടെക്നിക്കൽ ഓഫീസർ ഏതെല്ലാം പദ്ധതികളുടെ മേൽനോട്ടമാണ് നിർവ്വഹിച്ചു എന്നത് അറിയിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ജീവനക്കാരെ കരാറടിസ്ഥാനത്തിൽ അഞ്ചു വർഷത്തോളം തുടരാനനുവദിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

(എച്ച്) കെ.എസ്.യു.ഡി.പി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ടെക്നിക്കൽ ആഫീസർ (വാട്ടർ സപ്ലൈ ആന്റ് സ്വീവേജ്) എന്ന തസ്തികയുടെ പേരിൽ ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ സപ്ലൈ ആന്റ് സ്വീവേജ്) എന്ന് പുനർനാമകരണം നടത്തി നിലവിലുള്ള കരാർ ജീവനക്കാരന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ പ്രസ്തുത നടപടിയിന്മേലുള്ള സാധൂകരണമെന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ</u>

4601 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട എത്ര പ്രൊപ്പോസലുകൾ പരിഗണനയിൽ ഉണ്ട്; ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ പരിശോധിച്ച് നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ഇതിന് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡം

4602

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിൽ എത്ര മുനിസിപ്പാലിറ്റികൾ ഉണ്ട്;

(സി) ഏതെങ്കിലും പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ</u>

4603

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരങ്ങളിൽ കുടിവെള്ളത്തിനായി പൊതുടാപ്പുകൾ ഉപയോഗിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ട്;

(ബി) ഓരോ നഗരങ്ങളിലെയും കണക്കുകൾ പ്രത്യേകമായി ലഭ്യമാക്കുമോ;

(സി) കുടിവെള്ളത്തിനായി പൊതുടാപ്പുകളെ ആശ്രയിക്കുന്ന നഗരങ്ങളിലെ കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുമെന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതു പ്രകാരം ഓരോ നഗരങ്ങളിലും എത്ര കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നൽകുകയുണ്ടായി;

(ഇ) പ്രസ്തുത കടുംബങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബാധ്യത നഗരസഭകൾക്കാണോ നൽകിയിരിക്കുന്നത്; സർക്കാർ ഇതിനായി പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തൊഴിൽ നികുതി ചോർച്ച തടയാൻ നടപടികൾ</u>

T-4604

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ വർഷം തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ടിയിരുന്ന തുക എത്രയായിരുന്നു; ഇതിൽ എന്ത് തുക ഇനിയും ലഭിക്കുവാനുണ്ട്;

(സി) തൊഴിൽ നികുതി അടയ്ക്കാൻ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവി/ഓഫീസ് മേധാവി എന്നിവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>ചേരി നിർമ്മാണം</u>

4605 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചേരി നിർമ്മാണം ലക്ഷ്യമിട്ട് വകയിരുത്തിയ 62 കോടി രൂപയുടെ വിനിയോഗവിവരവും പദ്ധതിയുടെ വിശദാംശവും വെളിപ്പെടുത്തുമോ'

(ബി) ചേരി നിർമ്മാണത്തിന് തയ്യാറാക്കിയിട്ടുള്ള മുൻഗണനാലിസ്റ്റിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ചെറിയ കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന ഇളവുകൾ</u>

4606 ശ്രീ. വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
,, സി. കെ. സദാശിവൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ചെറിയ കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന ഇളവുകൾ റദ്ദുചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇതിലൂടെ വൻകിട റിസ്സോർട്ട് ഉടമകൾക്ക് വൻ സൗജന്യങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങൾ</u>

4607 ശ്രീ. മാത്യു റ്റി. തോമസ്
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരാതികളിൽ ഉന്നയിച്ചിട്ടുള്ള സംഗതികൾ എപ്രകാരം പരിശോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) അനധികൃതമായി നിർമ്മിച്ചിട്ടുള്ള എത്ര കെട്ടിടങ്ങൾക്ക് ഭേദഗതികൾ മൂലം സാധൂകരണം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) നാഷണൽ ബിൽഡിംഗ് കോഡിനു വിരുദ്ധമായി ചേർക്കപ്പെട്ട ഭേദഗതികൾ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ നടപടി</u>

4608 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, ആർ. ശെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ സ്വീകരിച്ച നടപടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന പദ്ധതി</u>

4609

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ</u>

4610

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ മാലിന്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രവർത്തനം തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എങ്കിൽ ആയത് ദൂരീകരിച്ച് പദ്ധതികളുമായിമുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>അംഗീകാരം ലഭ്യമായ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള മാലിന്യ പ്ലാന്റുകൾ</u>

4611 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ വൻകിട മാലിന്യ പ്ലാന്റിനുള്ള രൂപരേഖ തയ്യാറാക്കി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് അംഗീകാരം നൽകുകയുണ്ടായോ;

(ബി) അഞ്ചു കോർപ്പറേഷനുകളിലെയും മാലിന്യ സംസ്കരണത്തിന് പ്രസ്തുത പദ്ധതി പ്രകാരം പ്ലാന്റുകൾ സ്ഥാപിക്കുന്നത് എവിടെയെല്ലാമായിരിക്കുമെന്നറിയിക്കുമോ;

(സി) പ്രസ്തുത നഗരങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്തു സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതായിരിക്കണം എന്ന ധാരണയായിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യയെ സംബന്ധിച്ച ലഘുവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി</u>

T-4612 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പോലും പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യനിയമപ്രകാരം എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

**ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് നൽകുന്ന ഇളവുകൾ**

4613 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഇത് എത്രത്തോളം സഹായകരമാകും; വിശദമാക്കുമോ;

(ഡി) വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ള വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി</u>

4614 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ;

(ബി) യൂറോപ്യൻ സ്റ്റാൻഡേർഡിലുള്ള 10 ടൺ ബയോ ഗ്യാസ് പ്ലാന്റുകൾ നഗരത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

ഖരമാലിന്യ സംസ്ക്കരണം

4615 ശ്രീ. എസ്. ശർമ്മ
'' വി. ശിവൻകുട്ടി
'' സാജു പോൾ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യം, ജലസ്രോതസ്സുകളിൽ എത്തി ജലം മലിനമാകുന്നത് തടയാൻ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യ സംസ്കരണ പ്ലാന്റുകൾ ഏർപ്പെടുത്തുവാൻ നിയമപരമായ ബാധ്യത ഉറപ്പാക്കത്ത വിധത്തിലുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ ഖരമാലിന്യ സംസ്ക്കരണത്തിന്റെ പോരായ്മകൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും നഗര വികസന വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ

4616 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദ്രവമാലിന്യ സംസ്കരണപ്ലാന്റുകൾ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; ഇതിനായി ശുചിത്വമിഷൻ വഴി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

വിഴിഞ്ഞം മേഖലയിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതി

4617 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖല ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം മേഖലയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി എന്ത് നടപടികളാണ് നഗരകാര്യ വകുപ്പിന്റെ ഭാഗത്തുനിന്ന് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി സമഗ്രമായ പദ്ധതി തയ്യാറാക്കുമോ?

## കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നഗരസഭകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ്</u>

4618

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ പ്ലാസ്റ്റിക് പൊടിക്കാൻ ഏതെങ്കിലും ഏജൻസികളെ നിയമിച്ചിട്ടുണ്ടോ;

(ബി) പാളയം കണ്ണിമേര മാർക്കറ്റിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതിന് എന്ത് തുകയാണ് നഗരസഭ ചെലവാക്കിയത്; ഇത് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക്കിൽ നിന്നും ഡീസൽ ഉണ്ടാക്കുന്ന പദ്ധതി സംസ്ഥാനത്ത് വിജയകരമായി പൂർത്തീകരിക്കാൻ കഴിയുമോ. ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ</u>

4619 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടുവർഷത്തിനുളളിൽ എത്ര പരിശോധന നടത്തിയെന്നും, എന്തു തുക പിഴയായി ഈടാക്കിയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നഗരസഭകൾക്ക് പെൻഷൻ ഫണ്ട്</u>

4620 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് പെൻഷൻ വിഹിതമായി എന്തു തുക തിരിച്ചു നൽകാനുണ്ടെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കുമോ;

(ബി) പെൻഷൻ ഫണ്ട് നഗരസഭകൾക്ക് നൽകുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

മുനിസിപ്പൽ കണ്ടിജന്റ് തൊഴിലാളികളുടെ പെൻഷൻ പരിഷ്കരണം

4621 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മുനിസിപ്പൽ കണ്ടിജന്റ് തൊഴിലാളികളുടെ ശമ്പള പരിഷ്കരണം 2009-ൽ നടന്നെങ്കിലും, പെൻഷൻ ഇതുവരെയും പുതുക്കി നിശ്ചയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനത്തിനുള്ള നടപടിക്രമം</u>

4622 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം അനുവദിച്ചു കിട്ടുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; എവിടെയാണ് അപേക്ഷ നൽകേണ്ടത്;

(ബി) നഗരസഭകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സേവനാവകാശ നിയമ പ്രകാരം സമയപരിധി നിശ്ചയിക്കുമോ;

(സി) തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ നിലവിലുണ്ട്;

(ഡി) സമയപരിധിക്കുള്ളിൽ ഇവ തീർപ്പാക്കാൻ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ

4623 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതിൽ എത്ര ആക്ഷേപങ്ങൾ ലഭിച്ചു; പ്രസ്തുത ആക്ഷേപങ്ങളിൽ ഹിയറിംഗ് നടത്തിയിട്ടുണ്ടോ; ആക്ഷേപങ്ങൾ സ്വീകരിക്കാൻ ഇനിയും അവസരം ഒരുക്കിയിട്ടുണ്ടോ; ഇനിയും അവസരം നൽകുകയാണെങ്കിൽ അവ ഗസറ്റ് വിജ്ഞാപനത്തിന് വിരുദ്ധമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് കൂടുതൽ ആക്ഷേപം ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിലെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെകുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാൻ പൂർണ്ണരൂപത്തിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് കോർപ്പറേഷന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ</u>

4624 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞുകിടക്കുന്ന എത്ര സ്ഥലങ്ങളുണ്ടെന്ന വിവരം സർവ്വേ നമ്പർ, വില്ലേജ്, സ്ഥലത്തിന്റെ പേര് ഉൾപ്പെടെ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നഗരസഭ ഏറ്റെടുത്ത ഭൂമിയുടെ വിനിയോഗം</u>

4625 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നഗരസഭയിലെ വലിയമലയിൽ നഗരസഭ ഏറ്റെടുത്ത ഭൂമി മറ്റ് കാര്യത്തിന് വിനിയോഗിക്കുന്നതിനായി അനുവാദം ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

**കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി**

4626 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം. ടി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കരാർപ്രകാരം പാക്കേജ് ഒന്നിന്റെ പ്രവൃത്തികൾ എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് സാധിക്കുമോ; വിശദമാക്കുമോ;

(ഡി) മൂന്ന് പാക്കേജുകൾക്കുമായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുടിശ്ശിക ഉൾപ്പെടെയുള്ള വേതനം ലഭിക്കുന്നതിനുള്ള നടപടി</u>

4627 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മുനിസിപ്പാലിറ്റിയിലെ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡറായി 29.09.2009 മുതൽ ജോലി ചെയ്തുവരുന്ന ശ്രീമതി ഷിൽഗ സാബുവിന് 31.12.2011 വരെയുള്ള ശമ്പളവും മറ്റു അലവൻസുകളും കുടിശ്ശിക ഉൾപ്പെടെയുള്ള വേതനവും ലഭിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

### ന്യൂനപക്ഷ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം

4628 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിന് ഇപ്പോൾ എവിടെയെല്ലാം കേന്ദ്രങ്ങളുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഇവിടെ എത്ര ദൈർഘ്യമുള്ള പരിശീലനമാണ് ലഭിക്കുന്നത്;

(സി) എത്ര വിദ്യാർത്ഥികൾക്ക് ഇതിനകം പരിശീലനം ലഭിച്ചു;

(ഡി) കൊണ്ടോട്ടിയിലെ കരിപ്പൂർ ഹജ്ജ് ഹൗസിൽ ഒരു പരിശീലന കേന്ദ്രം വേണമെന്ന നിർദ്ദേശത്തിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രമോട്ടർമാർ</u>

4629 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിയമിക്കപ്പെട്ട പ്രമോട്ടർമാരുടെ കർത്തവ്യങ്ങൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(സി) അവർക്കു നൽകിവരുന്ന ഓണറേറിയം എത്രയാണ്; അത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലെ പ്രമോട്ടർമാർക്ക് ഓണറേറിയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓണറേറിയം കൃത്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?